# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിറമരുതൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി എം.16/1635/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നിറമരുതൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി എം.16/1635/2021 തീയ്യതി: 08/11/2021

## മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 21-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ പി (ഓഡിറ്റ് ഓഫീസർ )
ശ്രീ. അബ്ദുൾ ഗഫൂർ സി (അസി.ഓഡിറ്റ് ഓഫീസർ )
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ )
ശ്രീമതി. സുജിത പി.കെ (ഓഡിറ്റർ )

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ടി.കെ ബാബു | സെക്രട്ടറി | 01-04-2020 | 10-05-2020 |
| ശ്രീമതി. ബിന്ദു ആർ | സെക്രട്ടറി-ഇൻ- | 11-05-2020 | 23-05-2020 |

| | | | |
|---|---|---|---|
| | ചാർജ്ജ് | | |
| ശ്രീ. ടി.കെ ബാബു | സെക്രട്ടറി | 24-05-2020 | 31-03-2021 |
| ശ്രീ. പി.പി സൈതലവി | പ്രസിഡന്റ് | 30-11-2020 | 31-03-2021 |
| ശ്രീമതി. വി. പി സുഹറ റസാഖ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-11-2020 |
| ശ്രീ. പി.പി സൈതലവി | പ്രസിഡന്റ് | 30-11-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സമീർ മുഹമ്മദ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. മഞ്ജുള ജി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. സൌമ്യ മുരളീധരൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. നിഷാന്ത് എം.എൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)) | 01-04-2020 | 31-03-2021 |
| ഡോ. അനിത ഫിലിപ്പ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. അനിത സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. അനു കൃഷ്ണ വി.സി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ. അംജദ് കെ.പി.ഒ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡെൻസി പി സൈമൺ | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 01-12-2020 |
| ശ്രീമതി. വിബിത സി | എെ.സി.ഡി.എസ് സൂപ്പർവൈസർ | 02-12-2020 | 31-03-2021 |
| ഡോ.രാജീവ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. സാദിഖ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

•

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 07-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21<br>Written By: Idrees Abdulla A.C. (Auditor, On 13-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-10-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 11-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 07-10-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-11 |
| 13 | ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ സംബന്ധിച്ച്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-12 |
| 14 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 09-10-2021) | 1-13 |
| 15 | RURBAN പദ്ധതി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-13-1 |
| 16 | മൈനർ ഇറിഗേഷൻ പ്രൊജക്ട് (RURBAN പദ്ധതി) -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-13-2 |
| 17 | RURBAN Missionപദ്ധതി ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-13-3 |

| | | |
|---|---|---|
| 18 | പരിരക്ഷ പദ്ധതി രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-14 |
| 19 | ലൈബ്രറിക്ക് ഫർണ്ണിച്ചർ വാങ്ങിയത് Invoice പ്രകാരമുള്ള സാധനങ്ങൾ ലഭ്യമായില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-15 |
| 20 | ലാപ് ടോപ് വാങ്ങുന്നതിന് തുക അഡ്വാൻസ് നൽകിയത് - വിതരണം ചെയ്തില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-16 |
| 21 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-17 |
| 22 | ഫിഷറീസ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ പ്രൊജക്ടിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-18 |
| 23 | ഫല വൃക്ഷ തൈകൾക്ക് വനിത നഴ്സറി യൂണിറ്റിന് സബ്സിഡി അനുവദിച്ചു - പദ്ധതി അപാകത<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-19 |
| 24 | വിവിധ അംഗനൻവാടികളിലെ കിണറുകൾക്ക് ഗ്രിൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 15356 രൂപ<br>Written By: Rishil.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-20 |
| 25 | ഉണ്ണിയാൽ എസ്.സി സ്മശാനം കോമ്പൗണ്ട് വാൾ - ഗേറ്റ് സ്ഥാപിച്ചതിന് അധിക നിരക്ക് നൽകി -കരാറുകാരന് അധികം അനുവദിച്ചത് 7223 രൂപ<br>Written By: Rishil.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-21 |
| 26 | സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 4794 രൂപ<br>Written By: Rishil.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-22 |
| 27 | ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം (കുടുംബശ്രീ)- തനത് ആസ്തി പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും തുക ചെലവഴിച്ചു<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-22-1 |
| 28 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 81214 രൂപ<br>Written By: Rishil.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-23 |
| 29 | എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ<br>Written By: Rishil.P (Audit Officer, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-24 |
| 30 | മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-25 |
| 31 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-26 |
| 32 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 1-27 |

| | | |
|---|---|---|
| | Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | |
| 33 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-28 |
| 34 | കുടുംബശ്രീ പേപ്പർ ബാഗ് യൂണിറ്റിന് സബ്സിഡി അനുവദിച്ചു - പദ്ധതി അപാകതകൾ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 1-29 |
| 35 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | വിവധ അംഗനൻവാടികളിലെ കിണറുകൾക്ക് ഗ്രിൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 15356 രൂപ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 3-1 |
| 2 | ഉണ്ണിയാൽ എസ്.സി ശ്മശാനം കോമ്പൗണ്ട് വാൾ - ഗേറ്റ് സ്ഥാപിച്ചതിന് അധിക നിരക്ക് നൽകി -കരാറുകാരന് അധികം അനുവദിച്ചത് 7223 രൂപ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 3-2 |
| 3 | ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം - സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 4794 രൂപ<br>Written By: Rishil.P (Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 08-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 07-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 02-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 02-10-2021)<br>Last Updated By: Unni.P (Deputy Director, On 28-10-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 25.03.2020 | തീരുമാന നം 1(1) തിയ്യതി 19.02.2021 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 07.07.2021 | _ | _ |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7838988 |
| വരവ് | 95920357 |
| ആകെ | 103759345 |
| ചെലവ് | 89658054 |
| നീക്കിയിരിപ്പ് | 14101291 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15175826 | 15175826 | 15175826 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3582785 | 3582785 | 3582785 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4098000 | 4098000 | 4098000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4342629 | 4342629 | 4342629 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10804340 | 10804340 | 9684100 | 1120240 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (TIED) | | 0 | 5970000 | 5970000 | 2499281 | 3470719 |
| ട്രഷറി ടി.എസ്.ബി | | 1353230 | 13834691 | 15187921 | 15169439 | 18482 |
| ദുരിതാശ്വാസ നിധി | | 86036 | 35109 | 130008 | 78000 | 40185 |
| സാക്ഷരത | | 1387 | 37 | 1424 | 0 | 1424 |
| പൈക്ക | | 605899 | 16647 | 622546 | 0 | 622546 |
| ടി.എസ്.സി | | 1484903 | 2618246 | 4103149 | 754578 | 3348571 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 270593 | 1227564 | 1498157 | 623469 | 874688 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | എം.ജി.എൻ.ആർ.ഇ.ജി.എസ് | 692692 | 16030273 | 16722965 | 16625483 | 97482 |
| ബി. ഫണ്ട് | | 0 | 59978800 | 59978800 | 59978800 | 0 |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 17548380/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 1517582/-രൂപയാണ്. (ജി.ഒ പ്രോജക്റ്റ് പ്രകാരം Deduction ചെയ്യേണ്ടത് 26466741/- രൂപയായിരുന്നു എന്നാൽ Deduction വരുത്തിയത് 2372554/- രൂപയാണ്).

2) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (SCP)- ജി.ഒ പ്രോജക്ടുകൾക്ക് 161215/- രൂപ Deduction ചെയ്യതിനാൽ ചെലവ് തുക 3744000/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം ചെലവ് തുക 3582785/- രൂപയാണ്.

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 17548380/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 1517582/-രൂപയാണ്. (ജി.ഒ പ്രോജക്റ്റ് പ്രകാരം Deduction ചെയ്യേണ്ടത് 26466741/- രൂപയായിരുന്നു എന്നാൽ Deduction വരുത്തിയത് 2372554/- രൂപയാണ്).

2) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (SCP)- ജി.ഒ പ്രോജക്ടുകൾക്ക് 161215/- രൂപ Deduction ചെയ്തതിനാൽ ചെലവ് തുക 3744000/- രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം ചെലവ് തുക 3582785/- രൂപയാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 102769132 | 133 | 54308745 | 54 | 34 | 60.1 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 692692 | 1359248 | 2051940 | 1954458 | 97482 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14671025 | 14671025 | 14671025 | 0 |
| ആകെ | 692692 | 16030273 | 16722965 | 16625483 | 97482 |

കുറിപ്പ്

തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് ക്യാഷ് ബുക്ക് പ്രകാരം 20710299/-രൂപയും വാർഷികകണക്ക് പ്രകാരം 16625483/- രൂപയുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 877200 | 43 |
| വിധവാപെൻഷൻ | 22528200 | 1128 |
| വാർദ്ധക്യകാലപെൻഷൻ | 28757200 | 1592 |
| വികലാംഗപെൻഷൻ | 7177500 | 365 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 308700 | 16 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2021ന് 11

മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാതു ദിവസ്സങ്ങളിൽ കളക്ഷൻ തുക ബാങ്കിൽ അടവാക്കുന്നതിനാൽ ക്യാഷ് ബാലൻസ് ഇല്ലാ എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിൽ വീഴ്ചകൾ താഴെ പറയുന്നു.

1. രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഖണ്ഡിക 1-11 ൽ അപാകതകളുടെ വിശദ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.
2. റോഡുകളുടെ സംരക്ഷണത്തിനും കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിനും പ്രധാനമായും ഉപയോഗിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.
3. തനത് ഫണ്ട് വച്ച് അംഗീകാരം വാങ്ങിയ മിക്ക പദ്ധതികളും റിവിഷനിൽ ഫണ്ട് മാറ്റി അംഗീകാരം വാങ്ങിയതായി കാണുന്നു. ഗ്രാമ പഞ്ചായത്തിന്റെ വിഭവ സ്രോതസ്സ് പരിഗണിക്കാതെ പദ്ധതി തയ്യാറാക്കിയതിനാലാണ് ഈ വീഴ്ച സംഭവിച്ചിട്ടുള്ളത്.
4. ഗ്രാമ പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ എയ്ഡഡ് സ്കൂളുകൾക്ക് പദ്ധതി വച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുത്തിട്ടുണ്ട്.
5. ആസ്തികൾ ഉണ്ടാക്കുന്നുണ്ടെങ്കിലും ആയത് പരിപാലിക്കുന്നതിൽ വീഴ്ച വരുത്തുന്നു. ശാന്തി നഗർ ഗൈഡൻസ് സെന്റർ, ബസ് വെയിറ്റിംഗ് ഷെഡ് കം വയോജന വിശ്രമ കേന്ദ്രം എന്നിവ പരിപാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല.
6. ഗ്രാമ പഞ്ചായത്തിലെ ഏറ്റവും ദുർബല വിഭാഗത്തിന് വേണ്ടി 835 ലക്ഷത്തിന്റെ പദ്ധതി (അഗതി രഹിത കേരളം) തയ്യാറാക്കിയെങ്കിലും ഭക്ഷണ കിറ്റ് മാത്രമാണ് ഇവർക്ക് കഴിഞ്ഞ 3 വർഷത്തിൽ നൽകിയത്. കോടികളുടെ പദ്ധതി തയ്യാറാക്കിയെങ്കിലും പ്ലാൻ ഫണ്ടിൽ നിന്നും കേവലം 75000 രൂപ മാത്രമാണ് അഗതി രഹിത കേരളത്തിനായി പദ്ധതി കാലയളവിൽ ഫണ്ട് വകയിരുത്തിയത്. പദ്ധതി ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് പരാജയമായി. 2020-21 വർഷത്തിൽ അഗതി രഹിത കേരളത്തിന് വേണ്ടി ഫണ്ട് പോലും വകയിരുത്തിയില്ല. ഇക്കാര്യത്തിൽ ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചയുണ്ടായി.
7. സ്റ്റാറ്റസ് റിപ്പോർട്ടിലെ പോരായ്മകൾക്ക് പരിഹാരം കാണുന്നതിനാണ് പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നിരിക്കെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പോലും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല. അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമില്ല എന്ന് കാണിച്ച എയ്ഡഡ് സ്കൂളിനു പോലും പദ്ധതി തയ്യാറാക്കി ചെലവ് നടത്തിയിട്ടുണ്ട്.
8. സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ തൊഴിൽ സംരംഭ ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചു. (പ്രത്യേക ഖണ്ഡികകൾ പരാമർശിച്ചിട്ടുണ്ട്).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2021 | 05/2020 മുതൽ 02/2021 | 22.04.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.01.2009 | 2004-05 മുതൽ 2008-09 | 25.11.2009 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) താഴെ പറയുന്ന ഇനങ്ങളിലെ വാർഷികകണക്ക് പ്രകാരമുള്ള വരവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം വരവ് |
|---|---|
| Permit Fee For Construction Of Buildings | 88440/- |
| Building Regularisation Fee | 95026/- |
| Profession Tax Employees | 615500/- |
| Advance Collection -License Fees For Dangerous & Offencive Trades | 36700 |
| Advance Collection -Profession Tax -Institutions /Professionals | 50760 |

എന്നാൽ ഇവയുടെ DCB രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2) ബാലൻസ് ഷീറ്റ് B4- ഷെഡ്യൂളിലെ TSC ഗ്രാന്റ് ഇനത്തിൽ 3348571/-രൂപ ബാലൻസ് ഉണ്ട് എന്നാൽ B17 ഷെഡ്യൂളിലെ അകൌണ്ട് പ്രകാരം 3684340/- രൂപയാണ് ബാലൻസ്.

3) 2019-20 ലെ വാർഷികകണക്ക് പ്രകാരം Property Tax On Residential ഇനത്തിൽ കുടിശ്ശികയില്ല എന്നാൽ 2020-21 ൽ Property Tax On Residential Arrear ഇനത്തിൽ 1567/-രൂപ വരവുണ്ട്.

4) വാർഷികകണക്ക് പ്രകാരം താഴെ പറയും പ്രകാരം ഡെപ്പോസിറ്റുകളുടെ ബാലൻസ് ഉണ്ട്.

| | |
|---|---|
| Contractor's Earnest Money Deposit | 27500 |
| Supplier's Earnest Money Deposit | 20975 |
| Bidder's Earnest Money Deposit | 43050 |
| Contractor's Security Deposit | 12900 |
| Bidder's Security Deposit | 2640 |
| Contractor's Retension | 23724 |
| Auction Deposit | 5100 |
| Election Deposit (Candidate) | 107500 |

എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല

5) അഡ്വാൻസ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല

6) തൻവർഷത്തിൽ ആർജ്ജിച്ച സ്റ്റോക്ക്, സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥാവര ജംഗമ ആസ്തിളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

8)താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് വാർഷികകണക്ക് , ചെലവ് പത്രിക എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| പ്രോജക്ട് | വാർഷികകണക്ക് പ്രകാരമുള്ള ചെലവ് RP(7) | ചെലവ് പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|
| 191(SO)/2020-21-പരിരക്ഷ | 0 | 5150 |
| 82/2020-21-ലൈഫ് ഭവന പദ്ധതി | 1020000 | 1520000 |

9) 2019-20 വാർഷികകണക്കിലെ B4 ഷെഡ്യൂൾ പ്രകാരം Contributions For Joint Venture Project (For Revenue Expenditure) From Block Panchayth എന്ന ഹെഡിലെ 1292632/- രൂപ നീക്കിയിരിപ്പിൽ നിന്നും വൌച്ചർ നമ്പർ 42000227 (Dated. 31.03.2021) പ്രകാരം 750000/- രൂപ Adjust ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## 1-12 ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ സംബന്ധിച്ച്

2020-21 -ൽ മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ (പ്രൊജക്ട് നം.33/21) എന്ന പ്രൊജക്ട് താഴെപറയും പ്രകാരം തുക പിൻവലിച്ച് KMSCL ന് നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം./തിയ്യതി | തുക |
|---|---|---|
| 1 | 22000767/10.3.21 | 50000 (തനത് ഫണ്ട്) |
| 2 | ബിൽ നം.8/5.2.21 | 141799 (മെയിന്റനൻസ് ഗ്രാന്റ്) (NR) |
| 3 | ബിൽ നം.12/17.3.21 | 200000 (മെയിന്റനൻസ് ഗ്രാന്റ്) (NR) |

മരുന്ന് ലഭ്യമായതിന്റെ വിവരം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 31 /6.10.21 നൽകിയതിന് മരുന്ന് ലഭ്യമായിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 സെക്രട്ടറി നിർവ്വഹണം നടത്തിയ IKM വിഹിതം നൽകൽ

(പ്രൊജക്ട് നം.2/21)എന്ന പദ്ധതിക്കായി 90905 രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് (ബിൽ നം31/22.5.20)അടവാക്കിയിട്ടുണ്ട്.ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.37/7.10.21 നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-13-1 RURBAN പദ്ധതി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2020-21 സെക്രട്ടറി നിർവ്വഹണം നടത്തിയ RURBAN Missionപദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി തിരൂർ KSEB യിൽ 7902423 രൂപ അടവാക്കിയിട്ടുണ്ട് (Vr.No.2200071/31.5.20ചെക്ക് നം.403676/25.5.20)ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.37/7.10.21 നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-13-2 മൈനർ ഇറിഗേഷൻ പ്രൊജക്ട് (RURBAN പദ്ധതി) -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 RURBAN Missionപദ്ധതിയുടെ ഭാഗമായി Deposit Work Of Minor Irrigation Project എന്നതിനായി മലപ്പുറം ജില്ലാ ട്രഷറിയിലെ എം.ഐ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 5000000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (Vr.No 22000072/26.5.20ചെക്ക് നം.403677/26.5.20)ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.37/7.10.21) നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-13-3 RURBAN Missionപദ്ധതി ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 RURBAN Missionപദ്ധതിയുടെ ഭാഗമായി ഗ്യാസ് ക്രിമിറ്റോറിയത്തിനായി RAIDCO യിൽ 1375000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (Vr.No 22000148/29.6.20ചെക്ക് നം.403679/29.6.20)ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.37/7.10.21 നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-14 പരിരക്ഷ പദ്ധതി രേഖകൾ ലഭ്യമാക്കിയില്ല

2020-21 -ൽ മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) നിർവ്വഹണം നടത്തിയ പരിരക്ഷ പദ്ധതി (പ്രൊജക്ട് നം.91/21) ക്കായി താഴെ പറയും പ്രകാരം തുകചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം | വിവരം | വൗച്ചർ നം./ബിൽ നം.തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വണ്ടി വാടക ഡ്രൈവർ ശ്രീ.വേലായുധന് നൽകിയത് | ബിൽ നം.13/28.3.21 | 13585 | ട്രിപ് ഷീറ്റുകൾ ഇല്ല |
| 2 | വണ്ടി വാടകഡ്രൈവർ ശ്രീ.വേലായുധന് നൽകിയത് | ബിൽ നം.14/28.3.21 | 13585 | . ട്രിപ് ഷീറ്റുകൾ ഇല്ല |
| 3 | ഡീസൽ ചാർജ്ജ് നൽകിയത് (International Petrolium) | ബിൽ നം.15/28.3.21 | 11783 | ബില്ലുകൾ ഇല്ല |
| 4 | ഡീസൽ ചാർജ്ജ് നൽകിയത് (International Petrolium) | 22000225/3.8.20 | 10543 | ബില്ല് ഇല്ല |
| | ഡ്രൈവർ ശ്രീ വേലായുധന് നൽകിയത് | | 20735 | ട്രിപ് ഷീറ്റ് ഇല്ല |
| 5 | ഡീസൽ ചാർജ്ജ് നൽകിയത് (International Petrolium) | 22000230/4.8.20 | 13811 | ബില്ല് ഇല്ല |
| | ഡ്രൈവർ ശ്രീ വേലായുധന് നൽകിയത് | | 18590 | ട്രിപ് ഷീറ്റ് ഇല്ല |
| 6 | ഡ്രൈവർ ശ്രീ വേലായുധന് നൽകിയത് | ബിൽ നം.6/14.1.21 | 27050 | ട്രിപ് ഷീറ്റ് ഇല്ല |
| 7 | ഡ്രൈവർ ശ്രീ വേലായുധന് നൽകിയത് | 22000697/22.1.21 | 13585 | ട്രിപ് ഷീറ്റ് ഇല്ല |

ആകെ 143267

രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (15/6.10.11) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല .ചെലവ് തുക തടസ്സം ചെയ്യുന്നു

## 1-15 ലൈബ്രറിക്ക് ഫർണ്ണീച്ചർ വാങ്ങിയത് Invoice പ്രകാരമുള്ള സാധനങ്ങൾ ലഭ്യമായില്ല

2020-21-ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ലൈബ്രറിക്ക് ഫർണ്ണീച്ചർ വാങ്ങൽ (പ്രൊജക്ട് നം.220/21)പദ്ധതിയിൽ ഉൾപ്പെടുത്തി 92069 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ച് (BRN 20150552005700925418/11.1.21 )Artco യിൽ നിന്ന് 4അലമാരകൾ വാങ്ങിയിട്ടുണ്ട്. Invoice പ്രകാരം Office Cupboard Particle Board Using Good Quality 18mm Prelaminated Particle Board With Doors Including,Steel Handle,Lock And Auto Hinges Etc. എന്നതിന് 1 M2 ന് 9097 Plus GST(18%),Delivery Charge എന്നിവ അടക്കം 8.505m2 ന്റെ വിലയാണ് നൽകിയത്.എന്നാൽ ലഭ്യമായ Cup Board മേൽ Specification പ്രകാരമുള്ളതല്ല. Sliding Glass Door ഉള്ളതാണ് Artco ലഭ്യമാക്കിയിട്ടുള്ളത് Invoice പ്രകാരമുള്ളമുള്ള ഫർണ്ണീച്ചർ

ആണോ എന്ന് ഉറപ്പ് വരുത്താതെ ഫർണ്ണീച്ചർ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.4/4.10.21 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-16 ലാപ് ടോപ് വാങ്ങുന്നതിന് തുക അഡ്വാൻസ് നൽകിയത് - വിതരണം ചെയ്തില്ല

2020-21 -ൽ മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) നിർവ്വഹണം നടത്തിയ പി.എച്ച്.സി ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറും എൽ.സി.ഡി പ്രൊജക്ടറും വാങ്ങൽ (പ്രൊജക്ട് നം.156/21) എന്ന പദ്ധതിക്കായി 133224 (കമ്പ്യൂട്ടർ 3x33154=99462,ലാപ് ടോപ് 1x33762)മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് പിൻവലിച്ച്(ബിൽ നം.20150552035100058037/11.4.20) കെൽട്രോണിന് നൽകിയിട്ടുണ്ട്.സാധനങ്ങൾ ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല അപാകത രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയതിന് ലാപ് ടോപ് നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി. ലാപ് ടോപ് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ലാപ്പ്ടോപ്പിന് അനുവദിച്ച ചെലവ് തുക 33762 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1.തൊഴിൽ നികുതി അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2020-21 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സരസ്വതി വിദ്യാനികേതൻ,കാളാട് | I&II |
| 2 | ഇസ്മത് ഇംഗ്ലീഷ് മീഡിയം സ്കൂൾ,കാളാട് | I&II |
| 3 | സീ വീസ് ഓഡിറ്റോറിയം | I&II |
| 4 | സിറ്റി പ്ലാസ ഓഡിറ്റോറിയം | I&II |

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവ്യത്തിക്കുന്ന പി.എച്ച്.സി തേവർകടപ്പുറം എന്ന സ്ഥാപനത്തിലെ താഴെ പറയുന്ന ജീവനക്കാർ 2020-21 സാമ്പത്തികവർഷം ഒന്നാം അർദ്ധവർത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | തസ്തിക | ഒന്നാം അർദ്ധവർത്തെ വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി |
|---|---|---|---|---|
| 1 | ഡോ.മുഹമ്മദ് സാലിഹ് | ഡോക്ടർ, ഈവനിംഗ് ഒ.പി-പി.എച്ച്.സി തേവർകടപ്പുറം | 150000 | 1250 |
| 2 | നൂർജഹാൻ | ഫാർമസിസ്റ്റ്, ഈവനിംഗ് ഒ.പി-പി.എച്ച്.സി തേവർകടപ്പുറം | 60000 | 600 |
| | ആകെ | | | 1850 |

മേൽ അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും(എൻക്വയറി നം.40/07.10.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 ഫിഷറീസ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ പ്രൊജക്റ്റിലെ അപാകതകൾ

1.പ്രൊജക്ടിന്റെ പേര്- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ

നം-So 151/2020-21

അടങ്കൽ-200000(വി.ഫ-ജനറൽ)

ചെലവ്-146875

ബിൽ നം/തീ-2/19-20-14.04.2020

മത്സ്യതൊഴിലാളികളുടെ മക്കളിൽ 25 പേർക്ക് അവരുടെ പഠന സൗകര്യം മെച്ചപ്പെടുത്താൻ മേശയും കസേരയും വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ബി.ജി.എസ് കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് മേശയും കസേരയും അടങ്ങുന്ന ഒരു യൂണിറ്റിന് 5875/- രൂപ നിരക്കിൽ 25 മേശയും കസേരയും 146875/- രൂപക്ക് വാങ്ങിയിട്ടുണ്ട്.അതിൽ 21 പേർക്ക് മാത്രമേ മേശയും കസേരയും വിതരണം ചെയ്തിട്ടുള്ളൂ.അവശേഷിക്കുന്ന 4 മേശയും കസേരയും ഫിഷറീസ് ഓഫീസർ വിതരണം ചെയ്യാതെ കിടക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അവശേഷിക്കുന്ന മേശയും കസേരയും അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതു വരെ 4 മേശയുടേയും കസേരയുടേയും വിലയായ 23500/-(5875*4) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2.സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.10/06.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 ഫല വൃക്ഷ തൈകൾക്ക് വനിത നഴ്സറി യൂണിറ്റിന് സബ്സിഡി അനുവദിച്ചു - പദ്ധതി അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 103/21

ഫണ്ട് - വികസന ഫണ്ട് (ജ)

ബിൽ നമ്പർ - 9/30.10.20 – 50,000

തുക – 50,000

വനിത നഴ്സറി യൂണിറ്റിന് ധനസഹായം നൽകൽ എന്ന പദ്ധതിപ്രകാരം സ്വയം സഹായ ഗ്രൂപ്പ് സംരംഭമായ ഗ്രീൻ വാലി നഴ്സറി യൂണിറ്റിന് 50000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018/സ.സ്വ.ഭ.വ. തി. 14.2.18 സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5 പേരടങ്ങുന്ന സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് ആയത് വായ്പാ ബന്ധിത പ്രോജക്ട് ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡി ആയി ബാങ്കിലേക്ക് അനുവദിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതി വായ്പ ബന്ധിത പദ്ധതി ആയതിനാൽ 1,00,000 രൂപ വായ്പ നിറമരുതൂർ സഹകരണ ബാങ്ക് പ്രസ്തുത യൂണിറ്റിന് അനുവദിച്ചിട്ടുണ്ട്. സബ്സിഡി തുക 50000 രൂപ ബാക്ക് എൻഡ് സബ്സിഡിയായി യൂണിറ്റിന്റെ പേരിലുള്ള ലോൺ അക്കൗണ്ടിലേക്ക് വരവ് വക്കുന്നതിന് ബാങ്കിലേക്ക് നൽകുന്നതിന് പകരം യൂണിറ്റിന്റെ പേരിലുള്ള ബാങ്കിലെ അക്കൗണ്ടിലേക്ക് (A/C No. 5146) അനുവദിച്ചു. ഇത് കാരണം 7.11.20 ന് സബ്സിഡി തുക 50000 രൂപയും 2.11.20 ന് വായ്പ തുക 1,00.000 രൂപയും യൂണിറ്റിന്റെ അക്കൗണ്ടിൽ വരവ് വന്നത് മൊത്തമായി (1,50,000 രൂപ) 7.11.20 ന് സംഘം പിൻവലിച്ചു. വായ്പ തുകയുടെ 50% ബാക്ക് എൻഡ് സബ്സിഡിയായി നൽകിയത് യൂണിറ്റ് പിൻവലിച്ചത് ക്രമപ്രകാരമല്ല.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 33/7.10.21 (2020-21) മറുപടിയായി തുക യൂണിറ്റിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 50000 രൂപ യൂണിറ്റിൽ നിന്നും തിരിച്ചീടാക്കി ലോൺ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നത് വരെ ചെലവ് തുക തടസ്സം 50000 ചെയ്യുന്നു.

## 1-20 വിവിധ അംഗനൻവാടികളിലെ കിണറുകൾക്ക് ഗ്രിൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 15356 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം : S0088/21

അടങ്കൽ : 1,00,000 (ടി.എസ്. നം. 48264/2020-21)

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് : 89074

ബിൽ നമ്പർ - 89/27.2.21 (89074)

കരാർ നം : AE/LSGD/NMR/47/20-21 തീയ്യതി.9.10.20 (Estimate Rate)

എംബുക്ക് നം: 9/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : ശ്രീ. അനിൽ കുമാർ

എസ്റ്റിമേറ്റ് നമ്പർ: 2020/69341

മേൽ പ്രവൃത്തിയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ കിണറുകൾക്ക് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ അളവ് പുസ്തകം ഇനം 1 പ്രകാരം 7 അംഗൻവാടികളുടെ കിണറുകൾക്ക് ഗ്രിൽ സ്ഥാപിച്ചതിന് DAR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക കരാറുകാരന് നൽകിയിട്ടുണ്ട് (അളവ് പുസ്തകം പേജ് 9 ).

559.65 Kg X 137.15/Kg = 76755.99

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഓപ്പണായ കിണറുകൾക്ക് മുകളിൽ ഗ്രിൽ സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഇനം 1 ന് അനുവദിക്കാവുന്ന നിരക്ക് DSR Code 10.25.2 പ്രകാരമുള്ള 112.65/Kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

559.65 X 112.65/Kg = 63044.57

കരാറുകാരന് അധികം അനുവദിച്ചത് = 13,711 ( 76755.99 - 63044.57)+12%GST = 15356

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 24/ 6.10.21 (2020-21)). പ്രവൃത്തിയിൽ അധികം നൽകിയ 15356 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 ഉണ്ണിയാൽ എസ്.സി സ്മശാനം കോമ്പൗണ്ട് വാൾ - ഗേറ്റ് സ്ഥാപിച്ചതിന് അധിക നിരക്ക് നൽകി -കരാറുകാരന് അധികം അനുവദിച്ചത് 7223 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം : SO243/21

അടങ്കൽ : 6,37,000 (TS No.75153/20-21)

ഫണ്ട് : വികസന ഫണ്ട് (SCP)

ചെലവ് : 569592

ബിൽ നമ്പർ - 100/25.3.21 (102664)

3/14.6.21 -466928

കരാർ നം : AE/LSGD/NMR/56/20-21 തീയ്യതി.2.2.21 (2.7% Tender Below)

എംബുക്ക് നം: 71/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : ശ്രീ. യർബാഷ്.P

എസ്റ്റിമേറ്റ് നമ്പർ: 2020/118403

ഉണ്ണിയാൽ എസ്.സി സ്മശാനം കോമ്പൗണ്ട് വാളിന്റെ ഭാഗമായി ഗേറ്റ് സ്ഥാപിച്ചതിന് പ്രവൃത്തിയുടെ അളവ് പുസ്തകം ഇനം 9 പ്രകാരം DAR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക കരാറുകാരന് നൽകിയിട്ടുണ്ട്. (പ്രവൃത്തി 5.10.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി).

270.40 Kg X 133.45/Kg = 36084.88

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവൃത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഗേറ്റ് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് . ആയതിനാൽ ഇനം 9 ന് അനുവദിക്കാവുന്ന നിരക്ക് DSR Code 10.25.2 പ്രകാരമുള്ള 112.65/Kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

270.40 Kg X 109.60/Kg ( 112.65/Kg- 2.7% Tender Below) = 29635.84

കരാറുകാരന് അധികം അനുവദിച്ചത് = 6449 ( 36084.88 - 29635.84)+12% ജി.എസ്.ടി. =7223

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 23/ 6.10.21 (2020-21)). പ്രവൃത്തിയിൽ അധികം നൽകിയ 7223 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 4794 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിടത്തിന് മുൻവശത്ത് മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 16.10.1 കോഡ് പ്രകാരമുള്ള 118.28/Kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 5.10.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. B1 സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DAR 50.10.2 കോഡ് പ്രകാരമുള്ള 106.88/Kg രൂപയാണ്. പ്രവൃത്തികളിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാർക്ക് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം (കുടുംബശ്രീ)<br>പ്രോജക്റ്റ് നം - SO247/21<br>ഫണ്ട് - വികസന ഫണ്ട് (ജ)-1,00,000 & മെയിന്റനൻസ് ഗ്രാന്റ് (NR)-1,00,000<br>എം. ബുക്ക് - 72/19-20<br>കരാർ - 38/30.9.20 (Estimate Rate)<br>മൂല്യനിർണ്ണയം - 2,00,000<br>ബിൽ - 68/12.2.21 -1,00,000<br>69/12.2.21 -1,00,000<br>കരാറുകാരൻ -EV.നാരായണൻ<br>Cost Index -31.06% (DAR 2016)<br>TS-2,00,000(TS No.66642/20-21) | 375.414 Kg X 118.28/Kg = 44403.97<br>(അളവ് പുസ്തകം ഇനം 9) | 375.414 Kg X 106.88/Kg = 40124.24 | 4280+12% GST=4794 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 22/ 6.10.21 (2020-21)). പ്രവൃത്തിയിൽ അധികം നൽകിയ 4794രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത് അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22-1 ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം (കുടുംബശ്രീ)- തനത് ആസ്തി പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും തുക ചെലവഴിച്ചു

മേൽ പദ്ധതി പ്രകാരം ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം പ്രവൃത്തിക്ക് വേണ്ടി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 1,00,000 രൂപയും വികസന ഫണ്ടിൽ നിന്നും 1,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 75326/FM1/2007/LSGD തി. 30.1.2008 പ്രകാരം തനത് ആസ്തികളായ ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് കൈമാറിയ കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് പ്രധാനമായും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത്. ജനകീയ ഹോട്ടൽ കെട്ടിടം പഞ്ചായത്തിന്റെ തനത് ആസ്തിയിൽ പെട്ടതായതിനാൽ ഇതിന്റെ പുനരുദ്ധാരണത്തിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചത് ക്രമപ്രകാരമല്ല. മേൽ സർക്കുലറിന് വിരുദ്ധമായി ഈ പ്രവൃത്തിക്ക് വേണ്ടി മെയിന്റനൻസ് ഗ്രാന്റ നോൺ റോഡിൽ നിന്നും 1,00,000 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 39/ 7.10.21 (2020-21)). സർക്കുലറിന് വിരുദ്ധമായി നൽകിയ ചെലവിൻമേൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 1-23 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 81214 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | ഉണ്ണിയാൽ PHC യിൽ വനിത വിശ്രമമുറി നിർമ്മാണം ( 225/21)<br>ഫണ്ട് - വികസനഫണ്ട് (ജനറൽ)- 10,00,000<br>ബിൽ നം - 4/22.3.19- 5,00,000<br>30/24.9.20- 323694<br>മൂല്യ നിർണ്ണയം -823694<br>PAC-961699 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം - 61/18-19,83/17-18<br>കരാറുകാരൻ - ശ്രീ.മുഹമ്മദ് ആസിഫ്<br>കരാർ- AE/LSGD/NMR/64/17-18<br>Dtd.3.3.18 | 3.3.18 | 2.9.18 വരെ<br>(6 മാസം) | 6.6.19 | 48940<br>3.9.18 മുതൽ 2.12.18 വരെ 9616.9<br>3.12.18 മുതൽ 2.3.19 വരെ 19234<br>3.3.19 മുതൽ 2.6.19 വരെ 19234<br>3.6.19 മുതൽ 6.6.19 വരെ 855 |
| | ബസ് വെയിറ്റിംഗ് ഷെഡ് കം വയോജന വിശ്രമ കേന്ദ്രം നിർമ്മാണം<br>(194/21)<br>ഫണ്ട് - വികസനഫണ്ട് (ജനറൽ)- 5,00,000<br>ബിൽ നം - 16/22.11.20- 206319<br>88/27.2.21- 274593<br>മൂല്യ നിർണ്ണയം -480912<br>PAC-480911 (നികുതികൾ ഒഴികെ)<br>അളവ് പുസ്തകം - 120/19-20<br>കരാറുകാരൻ - ശ്രീ.അനിൽ കുമാർ.P<br>കരാർ- AE/LSGD/NMR/57/17-18<br>Dtd.20.3.18 | 20.3.18 | 19.6.18 വരെ<br>(3 മാസം) | 4.6.19 | 32274<br>20.6.18 മുതൽ 19.9.18 വരെ 4809<br>20.9.18 മുതൽ 19.12.18 വരെ 9618<br>20.12.18 മുതൽ 19.3.19 വരെ 9618<br>20.3.19 മുതൽ 4.6.19 വരെ 8229 |
| | ആകെ | | | | 81214 |

പ്രവൃത്തികളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ പലിശ 81214 രൂപ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 19/ 6.10.21 (2020-21)). പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 81214 രൂപ ഉത്തരവാദികളിൽ നിന്നും

ഈടാക്കേണ്ടതാണ്.

## 1-24 എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയും പ്രകാരം പ്രോജക്ടുകളിൽ എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | കോരങ്ങത്ത് AMLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം (SO182/21)<br>ഫണ്ട് - വികസന ഫണ്ട് (ജനറൽ)- 2,21,000<br>അളവ് പുസ്തകം - 53/19-20<br>കരാറുകാരൻ - ശ്രീ. V.ദാമോദരൻ<br>കരാർ- AE/LSGD/NMR/53/19-20<br>Dtd.13.2.20 | ബിൽ നം - 62/21.1.21- 216804<br>മൂല്യ നിർണ്ണയം -216804 |
| 2 | ജ്ഞാനപ്രഭ AMLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം (SO183/21)<br>ഫണ്ട് - വികസന ഫണ്ട് (ജനറൽ)- 2,78,000<br>അളവ് പുസ്തകം - 54/19-20<br>കരാറുകാരൻ - ശ്രീ. V.ദാമോദരൻ<br>കരാർ- AE/LSGD/NMR/54/19-20<br>Dtd.13.2.20 | ബിൽ നം - 18/22.11.20-244223<br>മൂല്യ നിർണ്ണയം -244223 |

2020-21 വർഷങ്ങളിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1)സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഉറപ്പ് വരുത്താതെ എയ്ഡഡ് സ്കൂളിന് സഹായം നൽകി.

2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക 1.1.6) പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളുകളിൽ താഴെ പറയും പ്രകാരം ശുചിമുറികൾ കുറവുണ്ട്

| | ടോയ്‌ലറ്റ് സൗകര്യം | | | | ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ് | |
|---|---|---|---|---|---|---|
| GUPS നിറമരുതൂർ | നിലവിൽ ഉള്ളവ | | ഇനി വേണ്ടത് | | നിലവിൽ ഉള്ളവ | ഇനി വേണ്ടത് |
| | ആൺ | പെൺ | ആൺ | പെൺ | | |
| | 4 | 5 | 10 | 10 | 5 | 5 |

പ്രസ്തുത റിപ്പോർട്ട് പ്രകാരം സർക്കാർ സ്കൂളിൽ ശുചിമുറികൾ കുറവുണ്ട് എന്ന് വ്യക്തമാണ് എന്നിരിക്കെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകി.

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകുന്നതിന് പ്രൊജക്റ്റ് ഏറ്റെടുത്ത് പണം ചെലവഴിച്ചു.

2) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്റ്റ് തയ്യാറാക്കി.

2020-21 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി

തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക 1.1.6) AMLP സ്കൂൾ ജ്ഞാനപ്രഭ എന്ന സ്കൂളിന് ടോയ്‌ലറ്റ് സൗകര്യം ആവശ്യത്തിന് ഉണ്ട് എന്നും ഇനി ടോയ്‌ലറ്റ് ആവശ്യമില്ല എന്നുമാണ് കാണിച്ചത്.

ടോയ്‌ലറ്റ് സൗകര്യം ആവശ്യമില്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് കണ്ടെത്തിയ സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയത് എന്തിനാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

3) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല.

എയ്ഡഡ് സ്കൂളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

അപേക്ഷയും സമ്മതവുമില്ലാതെ പ്രൊജക്ട് നടപ്പാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

4) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണ് എന്ന സാക്ഷ്യപത്രം ഇല്ല.

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും മേൽ പറയുന്ന എല്ലാ സൗകര്യങ്ങളും ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 21/ 6.10.21 (2020-21)) സർക്കാർ സ്കൂളായ നിറമരുതൂർ GUP സ്കൂളിൽ പുതുതായി ടോയ്ലറ്റ് പണിയാൻ സ്ഥല സൗകര്യം ഇല്ല എന്ന് ഹെഡ്മാസ്റ്റർ അറിയിച്ചതായ കത്ത് സമർപ്പിച്ചു. ആയതിനാലാണ് മറ്റ് സ്കൂളുകളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള പദ്ധതി തയ്യാറാക്കിയതെന്ന് അറിയിച്ചു. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റ് സൗകര്യം സർക്കാർ സ്കൂളിൽ ഇല്ല എന്ന് വ്യക്തമാണ്. എന്നിരുന്നാലും മറുപടി അംഗീകരിക്കുന്നു. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ (ക്രമ നമ്പർ 1 ഒഴികെ) മറ്റ് അപാകതകൾക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വിഷമം സൃഷ്ടിക്കും.

2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3. പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. മിക്ക ടെണ്ടറുകളിലും കരാറുകാർ ടെണ്ടർ തുക അക്കത്തിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്, അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല.

6. കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത രേഖ (Acknowledgement) മിക്ക പ്രവൃത്തികളുടെ ഫയലുകളിലും ചേർത്ത് വയ്ക്കുന്നില്ല. വച്ചവയിൽ തന്നെ തിയതി, കരാറുകാരന്റെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

7. മിക്ക പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് ഫയലുകളിൽ ചേർത്ത് വയ്ക്കുന്നില്ല.

8. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ വക്കുന്നില്ല. എസ്റ്റിമേറ്റുകളിൽ സൈറ്റ് ബോർഡിന് പ്രൊവിഷൻ വച്ചിട്ടില്ല.

9. വർക്ക് ഓർഡറിൽ സെലക്ഷൻ നോട്ടീസ് നമ്പർ, കരാറുടമ്പടി നമ്പർ, പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 17/ 6.10.21 (2020-21)). അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-26 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഏതാനം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുകയോ, ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 18/ 6.10.21 (2020-21)). അപാകതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-27 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 2020-21വർഷത്തിൽ 1,97,956 രൂപ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ പ്രവൃത്തികളിൽ നിന്നും ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 20/ 6.10.21 (2020-21)). കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 123 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 91 പ്രൊജക്ടുകളിലായി ആകെ 1,97,95,625 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 123 | ആകെ അടങ്കൽ | 3,07,01,514 |
| നടപ്പിലാക്കിയത് | 91 | ചെലവ് | 1,97,95,625 |
| ശതമാനം | 73.98 | ചെലവ് ശതമാനം | 64.47 |

മേൽ പദ്ധതികളിൽ 53 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 07 പ്രവൃത്തികൾ ഈ വർഷത്തിലും നിർവഹിക്കാൻ സാധിച്ചിട്ടില്ല. ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ കൂട്ടതലായി പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

111)രജിസ്റ്ററുകളുടെ പരിപാലനം

എം ബുക്ക് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

lv) എല്ലാ പ്രവൃത്തികൾക്കും പ്രവൃത്തി പൂർത്തീകരണ കാലയളവ് 6 മാസം നൽകിയതായി കാണുന്നു. ചെറിയ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും 5 ലക്ഷം രൂപ അടങ്കലുള്ള മരാമത്ത് പ്രവൃത്തിക്കും പൂർത്തീകരണ കാലയളവ് ഒരുപോലെ നൽകിയത് ക്രമപ്രകാരമല്ല.

## 1-29 കുടുംബശ്രീ പേപ്പർ ബാഗ് യൂണിറ്റിന് സബ്സിഡി അനുവദിച്ചു - പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 143/21

ഫണ്ട് - വികസന ഫണ്ട് (ജ)

ബിൽ നമ്പർ - 1/22.4.20 – 1,00,000

തുക – 1,00,000

താഴെ പറയുന്ന കുടുംബശ്രീ പേപ്പർ ബാഗ് യൂണിറ്റുകൾക്ക് (JLG) മേൽ പദ്ധതി പ്രകാരം 50000 രൂപ വീതം സബ്സിഡി അനുവദിച്ചു. പദ്ധതി പ്രകാരം ലോൺ തുകയുടെ 50% ആണ് സബ്സിഡി അനുവദിക്കേണ്ടത്. സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിന് നൽകണം.

| | |
|---|---|
| ഹരിതവനം പേപ്പർ ബാഗ് യൂണിറ്റ് | 50000 |
| വിസ്മയ പേപ്പർ ബാഗ് യൂണിറ്റ് | 50000 |

പദ്ധതി അപാകതകൾ

1. സ.ഉ.(കൈ) നം.22/2018/സ.സ്വ.ഭ.വ. തി. 14.2.18 സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5 പേരടങ്ങുന്ന സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് ആയത് വായ്പാ ബന്ധിത പ്രോജക്ട് ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡി ആയി ബാങ്കിലേക്ക് അനുവദിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ യൂണിറ്റുകളിൽ ഹരിതവനം എന്ന കുടുംബശ്രീ ഗ്രൂപ്പ് പദ്ധതി ആവശ്യത്തിലേക്കായി ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

2. സബ്സിഡി തുക ലോണിലേക്ക് ബാക്ക് എൻഡ് സബ്സിഡി ആയി വകയിരുത്തുവാൻ ബാങ്കിലേക്ക് അനുവദിക്കുന്നതിന് പകരം ഹരിതവനം യൂണിറ്റിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് (A/C. 40253101040643) നൽകി. 26.5.20 ന് യൂണിറ്റിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റിലായ തുക 5.6.20 ന് തന്നെ യൂണിറ്റ് പിൻവലിച്ചു.

3. വാടക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ ഹരിതവനം പേപ്പർ ബാഗ് യൂണിറ്റ് നിലവിൽ കെട്ടിടം ഒഴിവാക്കി പ്രവർത്തനരഹിതമായ നിലയിലാണ്.

വായ്പ ലഭ്യമാക്കാത്ത ഹരിതവനം എന്ന കുടുംശ്രീ ഗ്രൂപ്പിന് സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 35/7.10.21 (2020-21) മറുപടിയായി തുക യൂണിറ്റിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കുന്നത് വരെ ഹരിതവനം പേപ്പർ ബാഗ് യൂണിറ്റിന് നൽകിയ സബ്സിഡി തുക 50000 രൂപ തടസ്സം ചെയ്യുന്നു.

## <u>1-30 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല.</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അശരണരും നിലാരംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.252/2017/ത.സ്വ.ഭ.വ തി.12.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. പദ്ധതി അടങ്കലിന്റെ 40% തുക അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ (ഇവയിലേതാണോ കുറവ്) ചലഞ്ച് ഫണ്ടായി കുടുംബശ്രീയിലൂടെ അനുവദിക്കുന്നതാണ്. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

നിറമരുതൂർ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് (KS/L/7292/2018 തി.10.3.19) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്.

<u>പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.</u>

ഗുണഭോക്താക്കൾ - 236

ആകെ അടങ്കൽ - 8,34,36,596

പദ്ധതി കാലയളവ് - 2018-19, 2019-20, 2020-21

I- ചെലവ് വിവരം

ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷണ കിറ്റ് നൽകുന്നതിന് (3,92,952 രൂപ) വേണ്ടി മാത്രമാണ് ഈ മൂന്നു വർഷങ്ങളിലായി ചെലവ് വന്നിട്ടുള്ളത്. 2019-20 വർഷത്തിൽ 75000 രൂപ മാത്രമാണ് പ്രോജക്ട് തയ്യാറാക്കി പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയത്. പ്രസ്തുത വർഷത്തിൽ ചെലവ് നടന്നിട്ടുമില്ല.

ll- അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി വാങ്ങൽ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റ് വിതരണം ചെയ്യുക എന്നത് മാത്രമാണ് ഈ പ്രൊജക്ടിൽ നാളിതുവരെ നടപ്പിലായ പ്രധാന പരിപാടി.

മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ നൽയിട്ടില്ല എന്നാണ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. ആദ്യ രണ്ട് വർഷങ്ങളിലായി പ്ലാൻ ഫണ്ടിൽ (SCP) നിന്നും കേവലം 60,000 രൂപയും തനത് ഫണ്ടിൽ നിന്നും 15000 രൂപയും മാത്രമാണ് പഞ്ചായത്ത് വകയിരുത്തിയത്. നിർബന്ധിത വകയിരുത്തൽ നടത്തേണ്ട ഈ പദ്ധതിക്ക് 2020-21 വർഷത്തിൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ഭവന രഹിതരായ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 63200000 രൂപ വകയിരുത്തിയതിൽ ഈ കാലയളവിൽ ഒരാൾക്ക് പോലും ആനുകൂല്യം നൽകാനായിട്ടില്ല. അഗതി കുടുംബങ്ങൾക്ക് പ്രൊജക്ടിലൂടെ നൽകിയ സുരക്ഷിതമായ ഭവനമെന്ന വാഗ്ദാനം നിറവേറ്റാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിലും, അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിലെ അശരണരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഈ പ്രൊജക്ട് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വിവധ അംഗനൻവാടികളിലെ കിണറുകൾക്ക് ഗ്രിൽ - അപാകത -കരാറുകാരന് അധികം അനുവദിച്ചത് 15356 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

പ്രൊജക്ട് നം : SO088/21

അടങ്കൽ : 1,00,000 (TS No.48264/2020-21)

ഫണ്ട് : മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് : 89074

ബിൽ നമ്പർ - 89/27.2.21 (89074)

കരാർ നം : AE/LSGD/NMR/47/20-21 തീയ്യതി.9.10.20 (Estimate Rate)

എംബുക്ക് നം: 9/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : ശ്രീ. അനിൽ കുമാർ

എസ്റ്റിമേറ്റ് നമ്പർ: 2020/69341

മേൽ പ്രവൃത്തിയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ കിണറുകൾക്ക് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയുടെ അളവ് പുസ്തകം ഇനം 1 പ്രകാരം 7 അംഗൻവാടികളുടെ കിണറുകൾക്ക് ഗ്രിൽ സ്ഥാപിച്ചതിന് DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക കരാറുകാരന് നൽകിയിട്ടുണ്ട് (അളവ് പുസ്തകം പേജ് 9).

559.65 Kg X 137.15/Kg = 76755.99

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഓപ്പണായ കിണറുകൾക്ക് മുകളിൽ ഗ്രിൽ സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. ആയതിനാൽ ഇനം 1 ന് അനുവദിക്കാവുന്ന നിരക്ക് DSR Code 10.25.2 പ്രകാരമുള്ള 112.65/Kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

559.65 X 112.65/Kg = 63044.57

കരാറുകാരന് അധികം അനുവദിച്ചത് = 13,711 ( 76755.99 - 63044.57) + 12% GST = 15356

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 24/ 6.10.21 (2020-21)). പ്രവൃത്തിയിൽ അധികം നൽകിയ 15356 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഉണ്ണിയാൽ എസ്.സി ശ്മശാനം കോമ്പൗണ്ട് വാൾ - ഗേറ്റ് സ്ഥാപിച്ചതിന് അധിക നിരക്ക് നൽകി -കരാറുകാരന് അധികം അനുവദിച്ചത് 7223 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

പ്രൊജക്ട് നം : SO243/21

അടങ്കൽ : 6,37,000 (TS No. 75153/20-21)

ഫണ്ട് : വികസന ഫണ്ട് (SCP)

ചെലവ് : 569592

ബിൽ നമ്പർ - 100/25.3.21 (102664)

3/14.6.21 -466928

കരാർ നം : AE/LSGD/NMR/56/20-21 തീയ്യതി.2.2.21 (2.7% Tender Below)

എംബുക്ക് നം: 71/19-20

DSOR : 2016 Coi.31.06%

കരാറുകാരൻ : ശ്രീ. യർബാഷ്.P

എസ്റ്റിമേറ്റ് നമ്പർ: 2020/118403

ഉണ്ണിയാൽ എസ്.സി ശ്മശാനം കോമ്പൗണ്ട് വാളിന്റെ ഭാഗമായി ഗേറ്റ് സ്ഥാപിച്ചതിന് പ്രവൃത്തിയുടെ അളവ് പുസ്തകം ഇനം 9 പ്രകാരം DAR Code 9.48.2 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക കരാറുകാരന് നൽകിയിട്ടുണ്ട്. (പ്രവൃത്തി 5.10.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി).

270.40 Kg X 133.45/Kg = 36084.88

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം അനുവദിക്കാവുന്നത്. ഈ പ്രവൃത്തിയിൽ ഗേറ്റ് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. ആയതിനാൽ ഇനം 9 ന് അനുവദിക്കാവുന്ന നിരക്ക് DSR Code 10.25.2 പ്രകാരമുള്ള 112.65/Kg ആണ്. ഇത് പ്രകാരം കരാറുകാരന് അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

270.40 Kg X 109.60/Kg ( 112.65/Kg- 2.7% Tender Below) = 29635.84

കരാറുകാരന് അധികം അനുവദിച്ചത് = 6449 (36084.88 - 29635.84) + 12% GST = 7223

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 23/ 6.10.21 (2020-21)). പ്രവൃത്തിയിൽ അധികം നൽകിയ 7223 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം - സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 4794 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികളിൽ കെട്ടിടത്തിന് മുൻവശത്ത് മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DAR 16.10.1 കോഡ് പ്രകാരമുള്ള 118.28/Kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് 5.10.21 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ബോധ്യപ്പെട്ടു. സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DAR 50.10.2 കോഡ് പ്രകാരമുള്ള 106.88/Kg രൂപയാണ്. പ്രവൃത്തികളിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാർക്ക് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

| പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| ജനകീയ ഹോട്ടൽ കെട്ടിടം പുനരുദ്ധാരണം (കുടുംബശ്രീ)<br>പ്രോജക്റ്റ് നം - SO247/21 | 375.414 Kg X 118.28/Kg = 44403.97 | 375.414 Kg X 106.88/Kg = 40124.24 | 4280 + 12% GST = 4794 |

| | | | |
|---|---|---|---|
| ഫണ്ട് - വികസന ഫണ്ട് (ജ)-1,00,000 & മെയിന്റനൻസ് ഗ്രാന്റ് (NR)-1,00,000<br>എം. ബുക്ക് - 72/19-20<br>കരാർ - 38/30.9.20 (Estimate Rate)<br>മൂല്യനിർണ്ണയം - 2,00,000<br>ബിൽ - 68/12.2.21 -1,00,000<br>69/12.2.21 -1,00,000<br>കരാറുകാരൻ – ശ്രീ.EV.നാരായണൻ<br>Cost Index -31.06% (DAR 2016)<br>TS-2,00,000 (TS No. 66642/20-21) | (അളവ് പുസ്തകം ഇനം 9) | | |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 22/ 6.10.21 (2020-21)). പ്രവൃത്തിയിൽ അധികം നൽകിയ 4794രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-2021 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈറിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്റ്റിന്റെ നമ്പർ, പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 500000 | പ്രൊ.നം.24 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 0 | 840000 | പ്രൊ.നം.82 ലൈഫ് ഭവന പദ്ധതി | 840000 | 0 |
| | 0 | 760000 | പ്രൊ.നം.270 ലൈഫ് ഭവന പദ്ധതി (എസ്.സി) | 760000 | 0 |
| ആകെ | | 2100000 | | 2100000 | |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 500000 | പ്രൊ.നം.24 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | 0 | 150000 | പ്രൊ.നം.25 സമ്പൂർണ്ണ പോഷകാഹാരം | 150000 | 0 |
| | 0 | 1020000 | പ്രൊ.നം.82 ലൈഫ് ഭവന പദ്ധതി | 1020000 | 0 |
| | 0 | 99995 | പ്രൊ.നം.91 പരിരക്ഷ | 99995 | 0 |
| | 0 | 200000 | പ്രൊ.നം.96 നെൽ കൃഷിക്ക് കൂലിചെലവ് | 200000 | 0 |
| | 311300 | 0 | പ്രൊ.നം.197(SO) ലൈഫ് ഭവന പദ്ധതി | 311300 | 0 |
| ആകെ | 2281295 | | | 2281295 | 0 |

<u>കുറിപ്പ്</u>

1)താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവ് വാർഷികകണക്ക് , ചെലവ് പത്രിക എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| പ്രോജക്ട് | വാർഷികകണക്ക് പ്രകാരമുള്ള ചെലവ്(RP7) | ചെലവ് പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|
| 191(SO)/2020-21-പരിരക്ഷ | 0 | 5150 |
| 82/2020-21-ലൈഫ് ഭവന പദ്ധതി | 1020000 | 1520000 |

2) 2019-20 വാർഷികകണക്കിലെ B4 ഷെഡ്യൂൾ പ്രകാരം Contributions For Joint Venture Project (For Revenue Expenditure) From Block Panchayth എന്ന ഹെഡിലെ 1292632/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ തുകയിൽ നിന്നും വൗച്ചർ നമ്പർ 42000227 (Dated.31.03.2021) പ്രകാരം 750000/- രൂപ Adjust ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. 2020-21 വാർഷികകണക്കിലെ B4 ഷെഡ്യൂൾ പ്രകാരം Contributions For Joint Venture Project (For Revenue Expenditure) From Block Panchayth എന്ന ഹെഡിലെ നീക്കിയിരിപ്പ് 542632/- രൂപയാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ-റൂർബൻ മിഷൻ | 22000071/25.05.2020 | 7902423 | 0 | 7902423 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000348/20.09.2020 | 36395 | 0 | 36395 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000522/27.11.2020 | 10343 | 0 | 10343 |
| MI Division Executive Engineer | Minor Irrigation Project | 22000072/26-05-20 | 500000 | 0 | 500000 |
| RAIDCO | Gas Cremetorium | 22000148/29-06-20 | 1375000 | 0 | 1375000 |
| ആകെ | | | 9824161 | 0 | 9824161 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | GO(MS)942/2010/LSGD Dt.15.08.2010 | 4840000 | 15458823 | 1581489 | - | 18717334 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം – 5 | 2(2) തൊഴിൽ നികുതിയിൽ ഇളവ് നല്കി-നഷ്ടം-4750/രൂപ<br>2(3) സ്ഥാപന തൊഴിൽ നികുതി -പിഴപ്പലിശ ഈടാക്കുന്നില്ല |
| 2015-16 | 2(2) | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി കുറവായി ഈടാക്കി - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക അടവാക്കി. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2008-09 | 3-10 | സി.പി ഗോവിന്ദൻ | LF 10434/Spl.Cell/Csc/2012 Dt. 25.07.2014 | 20,000 + Interest | 20,000 | WP(C)1156/17 High Court Of Kerala Interest Stay 12.01.17 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95920357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89658054 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27374 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14760926 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15356 | ശ്രീമതി. മഞ്ജുള ജി -അസി.എഞ്ചിനീയർ,<br>ശ്രീ.സി.ബി.മനോജ് കുമാർ,അസി.എക്സി.എഞ്ചിനീയർ |
| 3-2 | | 7223 | ശ്രീമതി. മഞ്ജുള ജി ,അസി.എഞ്ചിനീയർ<br>ശ്രീമതി.സാജിത.എ, അസി.എക്സി.എഞ്ചിനീയർ |
| | | | |

| | | | |
|---|---|---|---|
| 3-3 | | 4794 | ശ്രീമതി. മഞ്ജുള ജി ,അസി.എഞ്ചിനീയർ, ശ്രീമതി.സാജിത.എ, അസി.എക്സി.എഞ്ചിനീയർ |
| ആകെ | | 27374 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 90905 | ശ്രീമതി. ബിന്ദു ആർ (സെക്രട്ടറി ഇൻ ചാർജ്) |
| 1-13-1 | 7902423 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |
| 1-13-2 | 5000000 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |
| 1-13-3 | 1375000 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |
| 1-14 | 143267 | ഡോ. നിഷാന്ത് എം.എൻ (മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-15 | 92069 | ശ്രീ. ടി.കെ ബാബു (സെക്രട്ടറി) |
| 1-16 | 33762 | ഡോ. നിഷാന്ത് എം.എൻ (മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-18 | 23500 | ശ്രീ. അംജദ് കെ.പി.ഒ ,സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-19 | 50000 | ശ്രീമതി. ബിന്ദു. ആർ, അസിസ്റ്റന്റ് സെക്രട്ടറി 30.10.20 |
| 1-29 | 50000 | ശ്രീമതി. ബിന്ദു. ആർ ,അസിസ്റ്റന്റ് സെക്രട്ടറി 22.04.20 |
| ആകെ | 14760926 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.ബി.മനോജ് കുമാർ,അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ LSGD Division പാലക്കാട് | അമ്പാടി പൊന്നുകെട്ടിയപാറ കൊല്ലങ്കോട് പാലക്കാട്-678506 |
| ശ്രീമതി.സാജിത.എ അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ LSGD Sub Division തിരൂർ ബ്ലോക്ക് പഞ്ചായത്ത് തിരൂർ | ഫിർദൗസ് (ഹൗസ്), സി.ടി. ജംഗ്ഷന് സമീപം T.K.M.C.E (PO) കാരിക്കോട്, കൊല്ലം |
| ശ്രീമതി. മഞ്ജുള. ജി അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,നിറമരുതൂർ ഗ്രാമ പഞ്ചായത്ത് | പൊറ്റവിള(വീട്), വെള്ളായണി പി.ഒ, തിരുവനന്തപുരം |
| ശ്രീമതി. ബിന്ദു ആർ (സെക്രട്ടറി ഇൻ ചാർജ്/അസിസ്റ്റന്റ് സെക്രട്ടറി) | അസിസ്റ്റന്റ് സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് | നെടുംപ്പറമ്പിൽ(വീട്), കാപ്പിൽ ഈസ്റ്റ്, കൃഷ്ണപുരം പി.ഒ, ആലപ്പുഴ |
| ശ്രീ. ടി.കെ ബാബു (സെക്രട്ടറി) | സെക്രട്ടറി, നിറമരുതൂർ ഗ്രാമ പഞ്ചായത്ത് | മദീന, മുയിപ്പോത്ത് പി.ഒ, കോഴിക്കോട് |
| ഡോ. നിഷാന്ത് എം.എൻ | മെഡിക്കൽ ഓഫീസർ നിറമരുതൂർ പി.എച്ച്.സി | മൂക്കേടത്ത്, കണവനാൽ, പൊന്നാനി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 1 |
| 2003-04 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 2 |
| 2004-05 | കെ.എസ്.എ.എം.പി.എം.16/1015/2018 തിയതി 23-05-2018 | 5 |
| 2005-06 | കെ.എസ്.എ.എം.പി.എം.17/3372/16 തിയതി 27-05-17 | 3 |
| 2006-07 | എൽ.എഫ്.എം16/1494/11 തിയതി 15-11-11 | 7 |
| 2007-08 | എൽ.എഫ്.എം17/2037/11 തിയതി 13-06-12 | 7 |
| 2008-09 | എൽ.എഫ്.എം16/2038/11 തിയതി 25-04-2012 | 18 |
| 2009-10, 2010-11 | എൽ.എഫ്.എം17/350/2014 തിയതി 5-6-14 | 21 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/1919/2016 19-09-2016 | 18 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.16/2123/2017 തീയതി 11.01.2018 | 4 |
| 2015-16 | കെ.എസ്.എ.എം.പി.എം16/520/2019 തിയ്യതി 23.03.2019 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.16/2353/2017 തിയതി 09.07.2018 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം.16/234/2019 തിയതി 10.06.2019 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.16/7/2020 തിയതി 06.03.2020 | 17 |

Mac

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്